Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

ലിംഗസമത്വം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് നടപടി

284 (5009) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീവിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ, ലിംഗസമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സ്ത്രീവിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ലിംഗസമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മപദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ലിംഗ അസമത്വം, ഗാർഹികപീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക്, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺ ലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയുധമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽകരണ ക്ലാസ്സ് നല്കിയിട്ടുണ്ട്. ലിംഗസമത്വം യുവാക്കളിൽനിന്ന് തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ലിംഗസമത്വത്തിന്റെ പ്രസക്തിയും പ്രാധാന്യവും സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വം, സ്ത്രീ സുരക്ഷാനിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കൽ, വിവാഹ ധൂർത്തുനിയന്ത്രിക്കൽ, ശൈശവ വിവാഹം നിരോധിക്കൽ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപം കൊടുത്ത ജാഗ്രതാ സമിതിയുടെ ഘടനയും ലക്ഷ്യങ്ങളും വ്യക്തമാക്കാമോ; ജാഗ്രതാ സമിതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; ഇവ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളും അവകാശലംഘനങ്ങളും പ്രാദേശിക തലത്തിൽതന്നെ പരിഹരിക്കുന്നതിനുംവേണ്ടിയാണ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല തലങ്ങളിലും വാർഡ് തലങ്ങളിലും ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും/കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളത്തിലുടനീളം ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനായി പ്രസ്തുതസമിതികൾ സമയബന്ധിതമായി കൂടുന്നതിന് എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീ സുരക്ഷയ്ക്കായി പദ്ധതികൾ

285 (5010) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് ഷീ ലോഡ്ജ് ആരംഭിച്ചത് എവിടെയൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നിലവിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, തൃപ്പൂണിത്തുറ, പെരിന്തൽമണ്ണ, വടകര, മൂവാറ്റുപുഴ, കുന്നംകുളം, ചാവക്കാട്, കാഞ്ഞങ്ങാട്, മട്ടന്നൂർ എന്നീ നഗരസഭകളിൽ ഷീ ലോഡ്ജ് പ്രവർത്തിക്കുന്നു. ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. വർക്കല, തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly